**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4866** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലോ റൈസ് കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പതിനാറ് മീറ്റർ വരെ ഉയരമുള്ള ലോ റൈസ് കെട്ടിടങ്ങൾക്ക് അഗ്നി രക്ഷാ വകുപ്പിൽ നിന്നും ഫയർ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇത് സംബന്ധിച്ച് പരാതികളൊന്നും ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) | നിലവിൽ ആയത് ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഫയർ സ്റ്റേഷനിൽ നൽകി, ജില്ലാ ഫയർ ഓഫീസർ ചെയർമാനായുള്ള കമ്മിറ്റി പരിശോധിച്ച് , സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി മാത്രം റീജിയണൽ ഓഫീസിലേക്ക് അയക്കുന്നത് മൂലം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ടു കൊണ്ട് ലഭിക്കുന്ന അപേക്ഷകളിലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | 16 മീറ്റർ ഉയരം വരെയുള്ള ഗണത്തിൽപ്പെട്ട ലോ റൈസ് കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ., കെ.പി.ബി.ആർ റൂളുകൾ പ്രകാരം നിർദ്ദേശിച്ചിട്ടില്ലാത്ത സ്പെഷ്യൽ കാറ്റഗറി തരംതിരിവ് ഒഴിവാക്കി അതേ ജില്ലയിലുള്ള ജില്ലാ ഫയർ ഓഫീസിൽ നിന്നും ഫയർ എൻ.ഒ.സി. നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നിലവിൽ പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. വകുപ്പിൽ ഡീസെൻട്രലൈസേഷൻ നടപ്പിലാക്കുമ്പോൾ പ്രസ്തുത വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ